**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1588** **11-09-2023 - ൽ മറുപടിയ്ക്ക്**

**തോട്ടഭൂമിയിലെ കൈയ്യേറ്റം തിരിച്ച് പിടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തോട്ടഭൂമി ഉൾപ്പെടെയുള്ളവയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരികെ പിടിക്കുന്നതിനും സ്വീകരിച്ച വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് തോട്ടഭൂമി ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനും കേരള ഭൂസംരക്ഷണ നിയമം 1957 ഉം ആയതിലെ ചട്ടങ്ങളും 2009ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകളും പ്രകാരമുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. അത്തരം കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10/09/2018 ൽ സ.ഉ (സാധാ)നം.3778/2018/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻപ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച കൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ സ്ഥല പരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ച വരുന്നതുമാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ തുടങ്ങിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. 08/11/2008നു ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണനിയമ പ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമിയിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്നു തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കേരള ഭൂസംരക്ഷണ നിയമ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറി വരുന്നു. |

(ബി) ഇപ്രകാരം കയ്യേറിയ തോട്ട ഭൂമിയിൽ ഈ സർക്കാർ കാലയളവിൽ ഇതുവരെ പിടിച്ചെടുത്ത ഭൂമിയുടെയും ഇനിയും പിടിച്ചെടുക്കാനുള്ള ഭൂമിയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ കമ്പനികളും നിയമ വിരുദ്ധമായികൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 06/06/2019 ൽ സ.ഉ.(കൈ)172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ പുരോഗമിച്ച് വരുന്നു. നിലവിൽ കോട്ടയം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലെ 35960.63 ഏക്കർ ഭൂമിക്കെതിരെ 13 സിവിൽ കേസുകൾ സർക്കാർ ഫയൽ ചെയ്തിട്ടുണ്ട് .വിശദാംശങ്ങൾ അനുബന്ധം1 ആയി ചേർത്തിരിക്കുന്നു.

പാലക്കാട്, മലപ്പുറം ജില്ലകളിലൊഴികെയുള്ള മറ്റു ജില്ലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തോട്ടഭൂമികളൊന്നും പിടിച്ചെടുത്തിട്ടില്ലാത്തതാണ്.

മലപ്പുറം ജില്ലയിൽഏറനാട് താലൂക്കിൽ പന്തല്ലൂർ ഭഗവതി ക്ഷേത്രം വക ഭൂമി കൈവശം വച്ചിരുന്ന ബലന്നൂർ പ്ലാന്റേഷൻ & ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കയ്യേറ്റം കേരള ഭൂ സംരക്ഷണ നിയമപ്രകാരം ഒഴിപ്പിച്ച് പ്രസ്തുത ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ തോട്ടഭൂമിയിലെ കയ്യേറ്റം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

<u>പാലക്കാട്</u>

| | |
|---|---|
| സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നത് | 6 എസ്റ്റേറ്റുക (6473.57 ഏക്കർ ) |
| ഇ.എഫ്.എൽ/വി.എ ആയി പ്രഖ്യാപിച്ചിട്ടുള്ളത് | 5 എസ്റ്റേറ്റുക |
| വിശദവിവരങ്ങൾ സമർപ്പിക്കുന്നതിന് തഹസിൽദാർക്ക് നിർദ്ദേശം നൽകിയത് | 13 എസ്റ്റേറ്റുക |

<u>വനം വകുപ്പിലേക്ക് ഏറ്റെടുക്കേണ്ട തോട്ട ഭൂമികൾ</u>

| ക്രമ നമ്പർ | എസ്റ്റേറ്റുകളുടെ എണ്ണം | വിസ്തീർണ്ണം (ഏക്കർ) | റിമാർക്ക്സ് |
|---|---|---|---|
| 1 | 20 എസ്റ്റേറ്റുകൾ | 2669.99 | പാട്ടക്കരാർ റദ്ദ് ചെയ്യപ്പെട്ടവ |
| 2 | 13 എസ്റ്റേറ്റുകൾ | 3359.69 | പാട്ടക്കരാർ ലംഘനം കണ്ടെത്തി സർക്കാർ തലത്തിൽ നടപടി തുടരുന്നവ |
| 3 | 8 എസ്റ്റേറ്റുകൾ | 1566.70 | പുതുതായുള്ള പാട്ടക്കരാർ ലംഘനം വനം വകുപ്പിൽ |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td></td><td>നിന്നും റിപ്പോർട്ട് ചെയ്തത്</td></tr>
<tr><td>ആകെ</td><td>41 എസ്റ്റേറ്റുകൾ</td><td>7596.32</td><td></td></tr>
</table>
പാലക്കാട് ജില്ലയിൽ പാട്ടക്കാലാവധി കഴിഞ്ഞ 12 തോട്ടഭൂമികൾ വനം വകുപ്പ് നിലവിൽ ഏറ്റെടുത്തിട്ടുണ്ട്.വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.
</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത മേഖലയിലെ കയ്യേറ്റ ഭൂമി പിടിച്ചെടുക്കുന്നതിൽ കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് എത്രത്തോളം ഭൂമിയും കോടതി വ്യവഹാരങ്ങളും നിലവിലുണ്ടെന്നും അവ സർക്കാരിൽ നിക്ഷിപ്തമാക്കാൻ സ്വീകരിച്ചു വരുന്ന തുടർ നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>06/06/2019 ലെ സ.ഉ.(കൈ)172/2019/റവ നമ്പർ ഉത്തരവിൻ പ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ പുരോഗമിച്ച് വരുന്നു. നിലവിൽ കോട്ടയം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലെ 35960.63ഏക്കർ ഭൂമിക്കെതിരെ 13 സിവിൽ കേസുകൾ സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്.വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാർ ഫയൽ ചെയ്തുവരുന്ന സിവിൽ കേസുകളിലെ അന്തിമ വിധിന്യായത്തിനു വിധേയമായി മാത്രമേ പ്രസ്തുത കയ്യേറ്റ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.<br><br>പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ നെല്ലിയാംപതി വില്ലേജിലെ 314.4508 ഹെക്ടർ ഭൂമി സംബന്ധിച്ച് ബഹു.ഹൈക്കോടതി മുമ്പാകെ WP(C)34072/2014(H) നമ്പർ കേസ് നിലവിലുണ്ട്.<br><br>മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ പന്തല്ലൂർ ഭഗവതി ക്ഷേത്രം വക ഭൂമി കയ്യേറ്റം ഒഴിപ്പിച്ചതിനെതിരായി ബലന്നൂർ പ്ലാന്റേഷൻ & ഇൻഡസ്ട്രീസ് ലിമിറ്റഡ് ഫയൽ ചെയ്ത SLP(C) 20879/18 നമ്പർ കേസ് ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

**Details of Civil Case filed by the Government against M/s HML and others for establishing the title as per G.O (Ms) 172/2019/RD Dated 06.06.2019 ( As on 24.08.2023)**

| Sl No | Title case No and date | Defendants | Area of Estate in Acres | District / Taluk | Court Name / Status |
|---|---|---|---|---|---|
| 1 | OS 72 /2019- Dec 19 & IA 07/2020 - 19 jun 20 | Ayana Charitable Trust (Former Gospel for Asia) known as Cheruvally Estate, & HML (as 2nd defendant ) | 2263.80 | Kottayam/ Kanjirapally Taluk- Erumely South & Manimala Villages | Sub Court Palai / Pending (Hon'ble High Court has stayed further proceedings in OS72/19 vide interim order dated 10.10.22 in OP(c)1887/22 filed against the rejection of Impleading Application filed by Sri. Stephen Issac. |
| 2 | OS 10 /2020 Jun 2020 | Riya Resorts & Properties Pvt Ltd & HML (as 2nd defendant ) | 206.51 | Kollam / Punaloor | Sub Court Punalur / Pending ( IA 3/21 filed by the 1st defendant challenging the maintai nability of the OS was rejected on 09.08.23 ) |
| 3 | OS 47/2020 Jul 2020 | Harrisons Malayalam Ltd & 6 others | 9293.74 | Pathanamthit a / Konni & Ranni | Sub Court PTA / Pending |
| 4 | OS56/2020 04.12-2020 | Travancore Rubber & Tea Co Ltd | 7373.67 | Idukki and Kottayam District– Peermade & Kanjirapally | Sub Court Kattappana / Pending (TR&TCo filed an IA challenging that OS is not admissible. Argument is completed in the case and verdict awaited) |

| | | | | | |
|---|---|---|---|---|---|
| 5 | OS02/2021 06.01.2021 | Travancore Rubber & Tea Co Ltd | 2699.39 | Kollam District Punalur taluk-Ariiencavu & Edamon Villages | Sub Court Punalur / Pending |
| 6 | OS12/2021 27.02.2021 | Harrisons Malayalam Limited | 7588.83 | Kollam District Punalur taluk-Ariiencavu & Thenmala Vill | Sub Court Punalur / Pending |
| 7 | OS43/2021 20.12.2021 | M/s Priya Plantations | 492.15 | Kollam District Punalur taluk-Ariiencavu & Thenmala Villages | Sub Court Punalur / Pending |
| 8. | OS15/2022 22.02.2022 | Harrisons Malayalam Ltd | 1416.63 | Kottayam / Kanjirapally taluk,Erumely North, South ,Edakkunnam Villages | Sub Court Palai / Pending |
| 9 | OS38/2022 08.04.2022 | Harrisons Malayalam Ltd | 7.65 | Kollam Dist Mundayakkal | Sub Court / Kollam Pending |
| 10 | OS9/2023 14.3.2023 | Harrisons Malayalam Ltd (Suryanalle Estate ) | 2451.00 | Idukki Dist-Devikulam talulk | Sub Court Devikulam / Pending |
| 11 | OS21/2023 21.3.2023 | M/s Southern Filed Ventures Pvt Ltd (Merchinston Estate ) | 707.18 | Tvpm Dist/ Nedumangad taluk/ Thennor Village | SubCourt Nedumangad/ Pending ( Interim Order passed to prevent sale of properties till disposal of the case ) |
| 12 | OS13/2023 12.04.2023 | St.Thomas Educational Society | 62.00 | Kollam Dist/ Punalur Taluk/ | Sub Court Punalur / Pending |

| | | | | | |
|---|---|---|---|---|---|
| | | | | Aryakavu Village | |
| 13 | OS42/2023 | Bonacaud Estate | 1398.08 | Tvpm Dist / Nedumangad Taluk VithuraVillage | Sub Court Nedumangad / Pending |

**Total Area : 35960.63 Acres**

## പാട്ടക്കാലവധി കഴിഞ്ഞ് ഏറ്റെടുത്തവ – 3

| ക്രമ നം | യഥാർത്ഥ നാമം | വിസ്തീർണ്ണം (Acre) (As per 1909 Notification) | പുതിയനാമം | വിസ്തീർണ്ണം (Acre) | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|---|
| 1 | റിസർവ്വ് വനം (വെസ്റ്റ് പുല്ലാല) | 139.29 | റോസറി | 242.79 | 1933-ലെ വിജ്ഞാപന പ്രകാരം പുല്ലാല (ഈസ്റ്റ് & വെസ്റ്റ്) എസ്റ്റേറ്റ് 239.99 ഏക്കർ റിസർവ്വ് വനമായി പ്രഖ്യാപിച്ചിരുന്നു വെങ്കിലും വെസ്റ്റ് പുല്ലാല കൊച്ചിൻ മണലാരു എന്ന എസ്റ്റേറ്റിൽ ഉൾപ്പെടുത്തി 1930-ൽ തന്നെ പാട്ടത്തിന് നൽകിയിരുന്നു. ആയത് ബോധ്യമായതിനെ തുടർന്ന് വെസ്റ്റ് പുല്ലാല എന്ന പേരിൽ ലേലനടപടികൾ പൂർത്തീകരിക്കപ്പെട്ടിരുന്നെങ്കിലും തൂത്തംപാറ എസ്റ്റേറ്റിനോടുചേർന്നുള്ള വനഭൂമി പാട്ടത്തിന് നൽകുകയായിരുന്നു. പ്രസ്തുത എസ്റ്റേറ്റിന് 242.69 Acre ആണ് വിസ്തൃതിയുള്ളത്. 40 വർഷത്തേക്ക് ഫോറസ്റ്റ് ലീസ് പ്രകാരം വിട്ടുകൊടുത്തിരുന്ന ടി എസ്റ്റേറ്റ് പാട്ടക്കാലാവധി അവസാനിച്ചതിനെ തുടർന്ന് സർക്കാരിലേക്ക് ഏറ്റെടുക്കുകയും ആയത് ബഹു: കോടതികൾ അംഗീകരിച്ചിട്ടുള്ളതുമാണ്. |
| 2 | ടാർ ഫോറസ്റ്റ് | 18.98 | ക്ലിഫ് വ്യൂ | 14.82 | പ്രസ്തുത എസ്റ്റേറ്റിന് 14.82 Acre ആണ് വിസ്തൃതിയുള്ളത്. ടി എസ്റ്റേറ്റ് 28.05.1956 മുതൽ 40 വർഷത്തേയ്ക്കാണ് ഫോറസ്റ്റ് ലീസ് പ്രകാരം വിട്ടുകൊടുത്തിരുന്നത്. ക്ലിഫ്‌വ്യൂ എസ്റ്റേറ്റ് പിന്നിട് 27.05.96-ൽ കരാർ കാലാവധി കഴിഞ്ഞതിനെ തുടർന്ന് സർക്കാരിലേക്ക് തിരികെ ഏറ്റെടുക്കുവാൻ ഉത്തരവായിട്ടുള്ളതാണ്. ആയതിനെതിരെ മുൻ കൈവശക്കാർ ബഹു: കോടതികളെ സമീപിച്ചിരുന്നുവെങ്കിലും അനുകൂല വിധി ലഭ്യമാവുകയുണ്ടായില്ല. തുടർന്ന് 28.06.2004-ൽ സർക്കാർ ഏറ്റെടുക്കുകയായിരുന്നു. ആയത് ഇ.എഫ്.എൽ നോട്ടിഫിക്കേഷനിൽ C4-21437/2000 തീയതി 26.08.2000 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. നിലവിൽ ടി എസ്റ്റേറ്റ് വനം വകുപ്പിന്റെ കൈവശമാണ്. |
| | | | | 257.61 | |
| 3 | | | തൂത്തംപാറ | 351.36 | 99 വർഷത്തെ പാട്ടക്കാലാവധി അവസാനിച്ചതിനെ തുടർന്ന് 15.07.07 ൽ സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ ടി എസ്റ്റേറ്റ് വനം വകുപ്പിന്റെ കൈവശമാണ്. |
| | | | | 351.36 | |

B. പാട്ടം റദ്ദ് ചെയ്ത് ഏറ്റെടുത്തവ - 6

| ക്രമ നം | യഥാർത്ഥ നാമം | വിസ്തീർണ്ണം (Acre) (As per 1909 Notification) | പുതിയനാമം | വിസ്തീർണ്ണം (Acre) | [illegible] സ്ഥിതി |
|---|---|---|---|---|---|
| 1 | ബിയാട്രീസ് | 470.24 | ബിയാട്രീസ് | 246.26 | പ്രസ്തുത എസ്റ്റേറ്റിന് 246.[illegible] Acre ആണ് വിസ്തൃതി യുള്ളത്. 04.02.1955-ൽ 99 വർഷത്തേക്ക് ഫോറസ്റ്റ് ലീസ് പ്രകാരം വിട്ടുകൊടുത്തിരുന്ന ടി എസ്റ്റേറ്റ് പാട്ടക്കരാർ ലംഘിച്ചതിനെ തുടർന്ന് 31.05.2002-ന് G.O(MS) No.30/2002/F&WLD തീയതി 20.05.2002 പ്രകാരം വനംവകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. |
| 2 | വൾവാച്ചൻ | 507.68 | മീരാഫ്ളോറസ് | 82.45 | പ്രസ്തുത എസ്റ്റേറ്റ് അഞ്ച് എസ്റ്റേറ്റുകൾ ചേർന്നതും 483 Acre വിസ്തൃതിയുള്ളതുമാണ്.[illegible] കാലയളവിൽ 99 വർഷത്തേക്ക് ഫോറസ്റ്റ് ലീസ് പ്രകാരം വിട്ടുകൊടുത്തിരുന്ന ടി അഞ്ച് എസ്റ്റേറ്റുകൾ പാട്ടക്കരാർ ലംഘനത്തെ തുടർന്ന് 27.06.2011-ന് G.O (MS) No.23/2011/F&WLD തീയതി 24.06.2011 പ്രകാരം വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് |
| 3 | | | മീരാഫ്ളോറസ് | 126.5 | |
| 4 | | | മീരാഫ്ളോറസ് | 93.00 | |
| 5 | | | മീരാഫ്ളോറസ് | 27.00 | |
| 6 | | | വൾവാച്ചൻ | 157.68 | |
| | | | | 732.89 | |

C. ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്തവ

| ക്രമ നം | യഥാർത്ഥ നാമം | വിസ്തീർണ്ണം (Acre) (As per 1909 Notification) | പുതിയ നാമം | വിസ്തീർണ്ണം (Acre) | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|---|
| 1 | ഷെർനെല്ലി | 296.00 unsurveyed | അപ്പർ ഷെർനെല്ലി | 27.40 | സ.ഉ: വിജ്ഞാപന നം. EFL-10-2457/2010 dtd. 07.08.2010 പ്രകാരം ടി ഭൂമി EFL ആയി നോട്ടീഫൈ ചെയ്തിട്ടുള്ളതാണ്. ടി എസ്റ്റേറ്റ് വനം വകുപ്പിന്റെ അധീനതയിലാണ്. |
| 2 | ടാർ ലോഡ്ജ് | 18.98 | ക്ലിഫ് വ്യൂ | 6.00 | ക്ലിഫ് വ്യൂ (14.82 ഏക്കർ) എസ്റ്റേറ്റ് കൈവശം വെച്ചിരുന്ന വ്യക്തികൾ തന്നെ ഈ എസ്റ്റേറ്റും അനധികൃതമായി കൈവശംവെച്ചിരുന്നു. സർക്കാർ നോട്ടിഫിക്കേഷൻ നം.C4-21437/2000 തീയതി 26.08.2000 പ്രകാരം ഈ എസ്റ്റേറ്റ് EFL-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ടി സ്ഥലം വനം വകുപ്പിന്റെ കൈവശമാണ്. |
| | | | | 33.40 | |

D. അനധികൃത കൈവശം ഒഴിപ്പിച്ചവ - 1

| ക്രമ നം | യഥാർത്ഥ നാമം | വിസ്തീർണ്ണം (Acre) (As per 1909 Notification) | പുതിയനാമം | വിസ്തീർണ്ണം (Acre) | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|---|
| 1 | ബിയാട്രീസ് | 470.24 | ബിയാട്രീസ് (നോർത്ത് ബ്ലോക്ക്) | 33.68 | പ്രസ്തുത എസ്റ്റേറ്റ് അനധികൃതമായി കൈവശംവെച്ചത് കണ്ടെത്തിയതിനെ തുടർന്ന് സർക്കാർ ഉത്തരവ് നം.92/2015/F& WLD dtd. 19.11.2015 പ്രകാരം എസ്റ്റേറ്റ് ഏറ്റെടുക്കുവാൻ ഉത്തരവാകുകയും 22.11.2015-ന് ടി എസ്റ്റേറ്റ് സർക്കാരിലേക്ക് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ആയതിൻമേൽ എസ്റ്റേറ്റ് അധികൃതർ ഫയൽ ചെയ്ത WP (C) 35832/15 നമ്പർ കേസ് ബഹു ഹൈക്കോടതിയിൽ പെൻഡിംഗാണ്. |